# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2332** **12.03.2020-ൽ മറുപടിയ്ക്ക്**

**ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ.**

| | ചോദ്യം: | | മറുപടി: |
|---|---|---|---|
| | **ശ്രീ.ആർ.രാമചന്ദ്രൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ.യിൽ ഈ സർക്കാർ അധികാരത്തിലേറിയ ശേഷം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിലേറിയ ശേഷം ഓച്ചിറ ഗവൺമെന്റ് ഐ.ടി.ഐ.യിൽ ബഹു.എം.പി അഡ്വ.സോമപ്രസാദിന്റെ ഫണ്ടിൽ നിന്നും ഒരു ഹൈടെക്ക് സെമിനാർ ഹാൾ ഒരുക്കിയിട്ടുണ്ട്. ടി ഐ.ടി.ഐയിൽ പി.ഡബ്ല്യൂ.ഡി ഒരു സ്ത്രീ സൗഹൃദ മുറിയും നിർമ്മിച്ചു നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കായി 30,05,000/-രൂപ അനുവദിക്കുകയും 99% പണി പൂർത്തീകരിക്കുകയും ചെയ്തു. ഓച്ചിറ ഗവ. ഐ.ടി.ഐ ഹോസ്റ്റലിന് വൈദ്യുതി കണക്ഷനായി 14,200/-രൂപ അനുവദിച്ചു. ആയത് പൂർത്തീകരിച്ചിട്ടുണ്ട്. പുതുതായി നിർമ്മിച്ച അക്കാഡമിക് ബ്ലോക്കിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി അധിക ലോഡ് റെഗുലറൈസ് ചെയ്യുന്നതിന് 41,114/-രൂപ അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തു. ഐ.ടി.ഐ.ക്ക് 5KVA UPS സ്ഥാപിക്കുന്നതിന് 69,100/-രൂപ അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓച്ചിറ ഐ.ടി.ഐ.യിലേക്കും ഐ.ടി.ഐ ഹോസ്റ്റലിലേക്കും സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു. ഐ.ടി.ഐയിലെ ട്രെയിനികൾക്കായി ഉച്ചഭക്ഷണപദ്ധതിയും, പോഷകാഹാര പദ്ധതിയും ആരംഭിച്ചു. |
| (ബി) | ഈ ഐ.ടി.ഐ.യിൽ ഏതെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ; | (ബി) | നിലവിൽ പരിശീലനം നൽകുന്ന പ്ലംബർ ട്രേഡിന്റെ ഒരു അഡീഷണൽ യൂണിറ്റ് (ബാച്ച്) കൂടെ പുതുതായി ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾക്കൊപ്പം പുതുതായി ഇലക്ട്രീഷ്യൻ ട്രേഡുകൂടി ആരംഭിക്കുന്നതിനുമുള്ള ശുപാർശ പരിഗണനയിലാണ്. |
| (സി) | ഇവിടെ ഹ്രസ്വകാല തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**